# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM-P3/441/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.എ.ഡി.സി. (ജനറൽ)

നമ്പർ: KSA-KLM-P3/441/23 തീയ്യതി: 10/04/2023

## കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യൂറോയി കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക്ക് ജോൺ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.അരുൺകുമാർ പി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ വി.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് വി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലതിക വിദ്യാധരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി സഖി എം | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീ. വിമൽ ചന്ദ്രൻ ആർ | സെക്രട്ടറി | 11-05-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീന സുശീൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. അശ്വിൻ ദാസ് വി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി രാജലക്ഷ്മി വി എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി റീനാ തോമസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. രാജ് കപൂർ ഡി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കടയ്ക്കൽ | 01-04-2021 | 28-02-2022 |
| ഡോ. ആശ ജെ ബാബു | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കടയ്ക്കൽ | 01-03-2022 | 31-03-2022 |
| ഡോ. ശശി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.), നിലമേൽ | 01-04-2021 | 31-03-2022 |
| ഡോ. അനിത ബി വി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.), വെളിനല്ലൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി പൗർണമി സി വി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സൗമ്യ എ ബി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-07-2021 |
| ശ്രീമതി പ്രവീണ ബി | വ്യവസായ വികസന ഓഫീസർ | 01-08-2021 | 30-09-2021 |
| ശ്രീ. നിസ്സാം റ്റി എസ് | വ്യവസായ വികസന | 01-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി സുധാമണി എസ് | സി.ഡി.പി.ഒ, ചടയമംഗലം | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | 2021-22 വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | ധനവിനിയോഗസാക്ഷ്യപത്രം, ചെലവ് സാധൂകരിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-10 |
| 12 | വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല. | 1-11 |
| 13 | സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികമായി തുക ഒടുക്കുവരുത്തി. | 1-12 |
| 14 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – പദ്ധതി നിർവഹണത്തിൽ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം 10,058/-രൂപ അധികം നൽകി. | 1-13-1 |
| 15 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അധികം തുക മാറി നൽകി. | 1-13-2 |
| 16 | ഇ-ടെണ്ടർ ഫാറവില – ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. | 1-14 |
| 17 | വൈദ്യുതീകരണം നടത്താത്തതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല. | 1-15 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അധികം നല്കിയിട്ടുള്ള സെന്റേജ് ചാർജ്ജ് നിരാകരിക്കുന്നു. | 3-1 |
| 2 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – പദ്ധതി നിർവഹണത്തിൽ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം അധികം നൽകിയ 10,058/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-2-1 |
| 3 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-അധികമായി മാറി നൽകിയ തുക തിരികെ ഒടുക്കുവരുത്തേണ്ടതാണ്. | 3-2-2 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 23.02.2021-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 24.05.2022 | - | - |

### 1-2-1 2021-22 വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

2021-22 വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

1. PMAY (കേന്ദ്ര വിഹിതം ഒഴികെ) – ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 1,04,89,104/- രൂപയുടെ ചെലവ് വാർഷിക കണക്കിലെ ഹൗസിംഗ് സംബന്ധിച്ച ചെലവ് ശീർഷകങ്ങളിൽ ഉൾപ്പെടുന്നില്ല

| അക്കൗണ്ട് നമ്പർ | 2021-22 ൽ ചെലവഴിച്ച തുക ( ചെക്ക് ഇഷ്യൂ രജിസ്റ്റർ/ ട്രഷറി ബിൽ പ്രകാരം) | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | |
|---|---|---|---|
| | | RP-16 ശീർഷകം | തുക |
| ഇൻഡ്യൻ ബാങ്ക് - A/c No 55417896 | 42,19,334/- | 251300101 | 1,60,01,711/- |
| TSB A/c No. 799011400003883 | 29,40,000/- | 251300102 | 83,66,614/- |
| TSB A/c No. 7990131000001 | 1,54,50,000/- | 251300102 | 3,18,000/- |
| 'ട്രഷറി ബിൽ ( പ്രോ. നം 5+പ്രോ. നം 19) 6984095 +5264000 + 318000) | 1,25,66,095/- | | |
| ആകെ | 3,51,75,429/- | | 2,46,86,325/- |

വ്യത്യാസം = 1,04,89,104/-

2. PMAY (കേന്ദ്ര വിഹിതം ഒഴികെ) – ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2,26,09,334/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല.

| അക്കൗണ്ട് നമ്പർ | 2021-22 ൽ ചെലവഴിച്ച തുക ( ചെക്ക് ഇഷ്യൂ രജിസ്റ്റർ/ ട്രഷറി ബിൽ പ്രകാരം) | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | |
|---|---|---|---|
| | | പ്രോജക്ട് നം | തുക(രൂപ) |
| ഇൻഡ്യൻ ബാങ്ക് - A/c No 55417896 | 42,19,334/- | 5/21-22 | 69,84,095/- |

| | | | |
|---|---|---|---|
| TSB A/c No. 799011400003883 | 29,40,000/- | 19/21-22 | 52,64,000/- |
| TSB A/c No. 7990131000001 | 1,54,50,000/- | 103/21-22 | 3,18,000/- |
| 'ട്രഷറി ബിൽ ( പ്രോ. നം 5+പ്രോ. നം 19) 6984095 +5264000 + 318000) | 1,25,66,095/- | | |
| ആകെ | 3,51,75,429/- | | 1,25,66,095/- |

വ്യത്യാസം = 2,26,09,334/-

3. PMAY ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 34,30,000/-രൂപയുടെ കുറവ്

PMAY ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ വാർഷിക കണക്കിൽ B-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുന്ന തുകയോക്കാൾ 34,30,000/- രൂപ കുറവുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| അക്കൗണ്ട് | മുന്നിരുപ്പ്₹ | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| STSB 799011400003883 | 1000000+ 14582447 (Resumption) 1,55,82,447/- | 0 | 1,55,82,447/- | Pmay- 29,40,000/- | STSB- 10,00,000/- Resumption- 1,16,42,447/- 1,26,42,447/- |
| STSB 7990130000001 | 0 | 1,54,50,000/- | 1,54,50,000/- | Pmay-1,54,50,000/- | 0 |
| | | | ആകെ നീക്കിയിരുപ്പ് | | 1,26,42,447/- |
| B-4 ഷെഡ്യൂളിൽ അക്കൗണ്ട് ശീർഷകം 320700205 ൽ നീക്കിയിരുപ്പ് | | | | | 1,60,72,447/- |
| വ്യത്യാസം | | | | | - 34,30,000/- |

4. TSC അക്കൗണ്ടിൽ 34,30,000/-രൂപയുടെ കുറവ്

TSC അക്കൗണ്ടിൽ വാർഷിക കണക്കിൽ B-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുന്ന തുകയോക്കാൾ 29,71,068/-രൂപ കുറവുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| അക്കൗണ്ട് | മുന്നിരുപ്പ്₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| Indian Bank Ac No 55542956 | 12,16,547/- | 35,586/- | 1,25,213/- | 3,240/- | 12,48,893/- |
| B-4 ഷെഡ്യൂളിൽ അക്കൗണ്ട് ശീർഷകം 320100115 ൽ നീക്കിയിരുപ്പ് | | | | | 42,19,961/- |
| വ്യത്യാസം | | | | | 29,71,068/- |

5) MGNREGS അഡ്മിൻ അക്കൗണ്ട് നമ്പർ 773785657 ൽ തൻ വർഷം 1,91,481/-രൂപ മുന്നിരുപ്പും 18,72,644/-രൂപ വരവും 18,90,967/-രൂപ ചെലവും 1,73,158/-രൂപ നീക്കിയിരിപ്പും ഉണ്ട് എന്നാൽ മേൽ ഇടപാട് വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല.

6. Redumption (അക്കൗണ്ട് ശീർഷകം 431600199 ) നീക്കിയിരുപ്പിൽ 1,45,82,447/- രൂപ വ്യത്യാസം

| അക്കൗണ്ട് | 2020-21 Redumption തുക ₹ | 2021-22 ൽ തിരികെ ലഭിച്ച തുക ₹ | ആകെ | 2021-22 Redumption തുക ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| TSB A/c No. | 1,45,82,447/- | 1,45,82,447/- | 0 | 1,16,42,447/- | 1,16,42,447/- |

| | | | | | |
|---|---|---|---|---|---|
| 799011400003883 | | | | | |
| LGTSB A/c No. 7990013000000999 | 45,49,717/- | 4541651/- | 8066 | 39,24,713/- | 39,32,779/- |
| ആകെ | 1,91,32,164/- | 19124098 | 8066 | 1,55,67,160/- | 1,55,75,226/- |
| B-15ഷെഡ്യൂളിൽ അക്കൗണ്ട് ശീർഷകം 431600199 ൽ നീക്കിയിരുപ്പ് | | | | | 3,01,57,673/- |
| വ്യത്യാസം | | | | | 1,45,82,447/- |

7. CFC ഫണ്ട് ടൈഡ്, ബേസിക് എന്നിവ ഒറ്റ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

8. RP 31 ശീർഷകത്തിൽ 2,31,32,949/-രൂപ തെറ്റായി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

9. അക്കൗണ്ട് ശീർഷകം 251200801 ൽ 21,483/- രൂപ തെറ്റായി വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

10. ജനറൽ പർപ്പസ് ഫണ്ട് - 1,47,750/-രൂപ ലഭിക്കാനുള്ളത് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

STSB A/c No 704081400000001 30-06-2020 ൽ തീർപ്പാക്കി LGTSB A/c No.7990013000000999 ആരംഭിച്ചപ്പോൾ ഫണ്ട് ട്രാൻസ്ഫർ ചെയ്തതിൽ 1,45,250/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. തുടർന്ന് 31/07/2021 ൽ EPOC Clearance ഇനത്തിൽ 2,500/- രൂപ STSB A/c No 704081400000001 ൽ വരവ് വച്ചു. അപ്രകാരം 1,47,750/-രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുണ്ട്. ആയത് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

11. 2021-22 വാർഷിക കണക്ക് പ്രകാരം Secured Loan ശീർഷകത്തിൽ വായ്പ തുക ഒന്നും തന്നെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നില്ല. എന്നാൽ ഫയൽ പരിശോധിച്ചതിൽ കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ 31/03/2022 ൽ 14,51,631/-രൂപ IAY വായ്പയുടെ മുതൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. വായ്പ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

12. RP 47 പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുക 57,37,730/-രൂപയാണ്. എന്നാൽ 57,26,120/-രൂപ മാത്രമാണ്. യഥാർത്ഥ നിക്ഷേപം വിശദാംശം 4-3 കാണുക.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,62,96,982/-രൂപ |
| വരവ് | 14,14,85,837/-രൂപ |
| ആകെ | 16,77,82,819/-രൂപ |
| ചെലവ് | 14,13,24,459/-രൂപ |
| നീക്കിയിരിപ്പ് | 2,64,58,360/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,15,828/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,10,64,823/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 3,55,09,084/- | 3,55,09,084/- | 32,44,751/- | 30,61,569/- |
| വികസന ഫണ്ട്-എസ്.സി.പി. | | 2,50,89,506/- | 2,50,89,506/- | 2,33,67,000/- | 17,22,506/- |
| വികസന ഫണ്ട്-റ്റി.എസ്.പി. | | 3,94,000/- | 3,94,000/- | 3,18,000/- | 76,000/- |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് നോൺ-റോഡ് | | 1,21,94,876/- | 1,21,94,876/- | 1,20,13,764/- | 1,81,112/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | | 89,07,284/- | 89,07,284/- | 60,13,971/- | 28,93,313/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി | | 23,68,259/- | 23,68,259/- | 20,45,483/- | 3,22,776/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് | | 90,85,000/- | 90,85,000/- | 53,82,120/- | 37,02,880/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് | | 60,57,000/- + പലിശ 1,47,819/- | 62,04,819/- | 43,39,966/- | 18,64,853/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| M.P.L.A.D | 30,33,558/- | 59,41,490/- | 89,75,048/- | 83,05,868/- | 6,69,180/- |
| ഹരിയാലി | 19,20,223/- | 56,296/- (Interest) | 19,76,529/- | 0 | 19,76,529/- |
| I.A.Y. | 1,22,85,214/- | 8,46,028/- | 1,31,31,242/- | 42,19,334/- | 89,11,908/- |
| TSC | 41,87,615/- | 35,586/- | 42,23,201/- | 3,240/- | 4,21,996/- |

TSC കണക്കുകളിലെ അപാകത ഖണ്ഡിക 1.2.1 ൽ

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 110 | 17,43,32,856/- | 82 | 8,70,84,528/- | 13 | 15 | 75% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-03-2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ല എന്നത് ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

*ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവഹണം നടത്തുന്നതിന് ഉതകുന്ന ഭരണ സംവിധാനം പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.
*ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
*പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.
*ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി ഭരണനിർവഹണം സാദ്ധ്യമാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലേയും ജാഗ്രതക്കുറവ് പ്രകടമാണ്.
*വികസന പ്രവർത്തനങ്ങൾക്കായും ആസ്തികളുടെ പരിപാലനത്തിനുമായി ലഭ്യമായ ഫണ്ടുകൾ വാർഷിക പദ്ധതി നിർവഹണ പ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.
*കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയതിൽ അപാകത ഖ 1-2.2 ൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെയും സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെയും കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.
*പ്രോജക്ട് നടത്തിപ്പുകളിൽ തുടർ മോണിട്ടറിംഗ് സംവിധാനം ഇല്ല.
*വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിനിർവഹണവുമായി ബ്ലോക്ക് തല ക്ലസ്റ്ററിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് ഉതകും വിധമുള്ള രേഖകൾ ആധികാരികമാക്കി പദ്ധതിഫയലിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമാകും.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-01-2023 | 2021-22 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-03-2022 | 2019-20 - 2021-22 | 23.05.2022 |

1-10 ധനവിനിയോഗസാക്ഷ്യപത്രം, ചെലവ് സാധൂകരിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

2020-2021 ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ബ്ലോക്ക് പരിധിയിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കിയിരുന്നു. പഞ്ചായത്തുകൾ വിനിയോഗസാക്ഷ്യപത്രം/ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 80,72,185/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | മുൻകൂർ നൽകിയ തുക (₹) | UC ലഭ്യമാക്കേണ്ട തുക(₹) |
|---|---|---|
| 8/2022, പകൽവീടിന് | 6,87,823/- [കടയ്ക്കൽ GP - | 6,87,823/- |

| | | | |
|---|---|---|---|
| വിഹിതം നല്കൽ (വികസനഫണ്ട്-ജനറൽ) | 3,63,111/-രൂ ഇട്ടിവ GP-3,24,712/-രൂ ] | | |
| 7/22, ബഡ്സ് സ്കൂളിന് ധനസഹായം (വികസനഫണ്ട്-ജനറൽ) | 16,58,242/- [കടയ്ക്കൽ GP -7,22,127/-രൂ ഇട്ടിവ GP-4,64,065/-രൂ വെളിനല്ലൂർ GP – 4,72,050/-രൂ] | 16,58,242/- | |
| 133/22, ചിതറ ഗ്രാമ പഞ്ചായത്ത് കാരറ വാർഡിൽ കാരറക്കുന്ന് തോഴിയിൽഭാഗത്ത് മിനി കുടിവെള്ള പദ്ധതി (CFC) | 10,00,000/-(402/ 25-03-2022) | 10,00,000/- | |
| 134/22, ഇട്ടിവ ഗ്രാമ പഞ്ചായത്ത് വെളുന്തറ വാർഡിൽ വട്ടക്കുഴി ഭാഗത്ത് മിനി കുടിവെള്ള പദ്ധതി (CFC) | 12,00,000/-(401/ 25-03-2022) | 12,00,000/- | |
| 135/22, ചടയമംഗലം ഗ്രാമ പഞ്ചായത്ത് പൂങ്കോട് വാർഡിൽ വാല്യകുന്ന് ഭാഗത്ത് മിനി കുടിവെള്ള പദ്ധതി (CFC) | 8,26,120/-(382/ 25-03-2022) | 8,26,120/- | |
| 136/22, കുമ്മിൾ ഗ്രാമ പഞ്ചായത്ത് ഇയ്യക്കോട് വാർഡിൽ ഇരട്ടക്കുളം സുമതിമുക്ക് ഭാഗത്ത് മിനി കുടിവെള്ള പദ്ധതി (CFC) | 10,00,000/-(404 /25-03-2022) | 10,00,000/- | |
| 137/22, കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് മുകുന്ദേരി വാർഡിൽ | 12,00,000/-(385/ 25-03-2022) | 12,00,000/- | |

| | | |
|---|---|---|
| അഴകത്ത് വിള ഭാഗത്ത് മിനി കുടിവെള്ള പദ്ധതി (CFC) | | |
| 111/22, ചടയമംഗലം ഗ്രാമ പഞ്ചായത്ത് പാറയടി പരുത്തിപൊയ്ക കോളനി കുടിവെള്ള പദ്ധതി (CFC) | 5,00,000/-(379 /24-03-2022) | 5,00,000/- |

ചെലവിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 80,72,185/-രൂപ
ഓഡിറ്റ് അന്വേഷണം നം – 3/9-3-23

1-11 വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല.

ചടയമംഗലം ബ്ലോക്കിൽ 2021-2022 വർഷം നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | K.M.S.C.Lന് മുൻകൂർ നൽകിയ തുക (₹) | ബിൽ നം./ തീയതി | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ മൂല്യം (₹) |
|---|---|---|---|
| 60/22, കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ (മെഡിക്കൽ ഓഫീസർ വെളിനെല്ലൂർ) | 61,457/- PRF-736/17.6.21 | 5/30.6.21 | 35,700/- |
| 60/22, കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ (മെഡിക്കൽ ഓഫീസർ വെളിനെല്ലൂർ) | 2,12,104/- PRF-1758/19.8.21 | 12/9.9.21 | 35,883/- |
| 49/22 സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റ് (മെഡിക്കൽ ഓഫീസർ വെളിനെല്ലൂർ) | 2,43,991/- PRF-2281/25.9.21 | 16/21.10.21 | 60,137/- |
| 48/22 നിലമേൽ സി.എച്ച്.സി യ്ക്ക് സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റ് (മെഡിക്കൽ ഓഫീസർ നിലമേൽ) | 1,39,199/- PRF-2964/27.10.21 | 9/8.11.21 | 16,812/- |
| 22/22 സ്വാന്തന പരിചരണം മെഡിക്കൽ ഓഫീസർ, കടയ്ക്കൽ | 3,00,000/- PRF-1740/19.8.21 | 6/3-9-21 | 1,46,835/- |
| 26/22, മരുന്നുവാങ്ങൽ | 3,49,301/- | 12/28.10.21 | 10,209/- |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, കടയ്ക്കൽ | PRF-2832/22.10.21 | | |

വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകാതിരിക്കുന്നത് ആശുപത്രി സേവനങ്ങളെയും പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങളെയും ബാധിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് സമിതി യഥാസമയം പരിശോധിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി മോണിറ്ററിംഗ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. – 1/09.03.2023

## 1-12 സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികമായി തുക ഒടുക്കവരുത്തി.

പി.ഡബ്ല്യൂ.ഡി മുഖേന 2021-22 ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റിന്റെ 13.78% സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യൂ.ഡി. മാന്വൽ ഖ. 1601.4 പ്രകാരം എസ്റ്റിമേറ്റ്, സൂപ്പർ വിഷൻ, പ്ലാൻ, എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജ് 12.5% നിരക്കിലാണ്. 13.78% നിരക്കിൽ സെന്റേജ് ചാർജ്ജ് കണക്കാക്കി തുക ഒടുക്കവരുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെകൊടുക്കുന്നു.

പ്രോജക്ട് നം - 35/22

പുതിയ മെറ്റേണിറ്റി ബ്ലോക്കിൽ ലിഫ്റ്റ് സ്ഥാപിയ്ക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കടയ്ക്കൽ

ആകെ അടങ്കൽ – 30,00,000/-രൂപ

ആകെ ചെലവ്- 29,92,638/-രൂപ

എ) സിവിൽ വർക്ക്

| | | | |
|---|---|---|---|
| 1 | Estimate Amount | 26,00,598.5/- രൂപ | Remittance Details |
| 2 | 12.05 Gst | 3,12,071.82 | |
| 3 | Lump Sum | 967.21/- രൂപ | |
| 4 | Subtotal | 29,13,637.53/- | Bill No 30/21-22 Dtd 25.3.22 |
| 5 | Centage Charge 13.78% | 3,58,362.47/- രൂപ | Cheq.no-047779 Dtd-11-4-22 (Amount From H.M.C) |
| 6 | Total Amount | 32,72,000/- രൂപ | |
| | ഈടാക്കേണ്ടിയിരുന്ന സെന്റേജ് ചാർജ്ജ് (2600598.5 * 12.5%) | 3,25,075/-രൂപ | |
| | അധികം നല്കിയ സെന്റേജ് ചാർജ്ജ് | 33,288/-രൂപ | |

ബി, ഇലക്ട്രിക്കൽ വർക്ക്

| | | | |
|---|---|---|---|
| 1 | Estimate Amount | 70,364.43/- രൂപ | Remittance Details |
| 2 | 12.05 Gst | 8,443.73/-രൂപ | |
| 3 | Lump Sum | 191.84/-രൂപ | |
| 4 | Subtotal | 79,000/-രൂപ | 30/21-22 Dtd 25.3.22 |

| | | | |
|---|---|---|---|
| 5 | Centage Charge 13.78% | 10,000/- രൂപ | Cheq.no/date 047780/11.4.22 Remitted From Hmc Fund |
| 6 | Total Amount | 89,000/- രൂപ | |
| | ഈടാക്കേണ്ടിയിരുന്ന സെന്റേജ് ചാർജ്ജ് (70364.43 * 12.5%) | 8,795/-രൂപ | |
| | അധികം നല്കിയ സെന്റേജ് ചാർജ്ജ് | 1,205/-രൂപ | |

സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികമായി തുക ഒടുക്കുവരുത്തിയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതിനായും, പ്രസ്തുത പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികമായി നൽകിയ സെന്റേജ് ചാർജ്ജ് തിരികെ ലഭ്യമാക്കുന്നതിനായി കത്ത് നൽകുന്നതാണെന്നും, ലിഫ്റ്റിന്റെ പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും മറുപടി ഹാജരാക്കി. ആയതിനാൽ സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികമായി ഒടുക്കുവരുത്തിയ 34,493/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ PWD യിൽ ഒടുക്കുവരുത്തിയ 29,92,638/-രൂപ (നിരാകരിച്ച 34,493/-രൂപ കഴിച്ച്) തടസ്സത്തിൽ വയ്ക്കുന്നു.

വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

നിരാകരണം – 34,493/-രൂപ

തടസ്സം – 29,92,638/-രൂപ

ഓഡിറ്റ് അന്വേഷണം നം – 2/09.03.23

**1-13-1 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – പദ്ധതി നിർവഹണത്തിൽ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം 10,058/-രൂപ അധികം നൽകി.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ ജി.ഒ (എം.എസ്) 22/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.8 ൽ താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ് ക്ഷീര കർഷകന് സബ്സിഡി അനുവദിക്കാവുന്നത്.

1. ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4/-രൂപ തോതിൽ കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ).

2. സംയുക്തമായോ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുമായോ പദ്ധതി നടപ്പാക്കാം.

മേൽ വ്യവസ്ഥകൾ പ്രകാരം പാലിന് സബ്സിഡി അനുവദിക്കുമ്പോൾ ക്ഷീര വികസന വകുപ്പ് നൽകുന്ന 1/- രൂപ പദ്ധതി നിർവ്വഹണത്തിന് ലഭിക്കാറില്ല. അതിനാൽ തന്നെ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ നൽകുന്ന തുക കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. ഗ്രാമ പഞ്ചായത്ത് ഡയറി ഫാം ഇൻസ്ട്രക്ടർ വഴി പദ്ധതി നടപ്പാക്കുമ്പോൾ ഡയറി എക്സ്റ്റൻഷൻ ഓഫീസർ വഴിയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നത്. മേൽ പദ്ധതി വഴി ഒരു വർഷം ക്ഷീര കർഷന് പരമാവധി ₹40,000/-ആണ് അനുവദിക്കേണ്ടത് എങ്കിലും ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ മൂലം സബ്സിഡി പരിധി അതിലംഘിച്ച് തുക അനുവദിക്കുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം - 99/22

ബിൽ നം 22/28.1.22 - 2,62,350/-രൂപ

ബിൽ നം 23/31.1.22- 18,12,184/-രൂപ

മേൽ ബില്ലുകൾ പ്രകാരം 33,456/-രൂപ ധനസഹായം ലഭിച്ച ശ്രീമതി സ്മിത.ആർ എന്ന ഗുണഭോക്താവിന് 2021-22 സാമ്പത്തിക വർഷം ഇളമാട് ഗ്രാമപഞ്ചായത്തിൽ നിന്നും 16,602/-രൂപ ഉൾപ്പടെ ആകെ 50,058/- രൂപ സബ്സിഡിയായി ലഭിച്ചു. വെബ് സാംഖ്യ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| പേര്,<br>ബാങ്ക് അക്കൗണ്ട് നം, | പദ്ധതി | നിർവ്വഹണ<br>ഉദ്യോഗസ്ഥ | U.T.R നം | തുക(രൂപ) |
|---|---|---|---|---|
| Smt. SMITHA R, SREEKRISHNA VILASAM,<br>State Bank Of India AYUR, ((IFSC:SBIN0017842) - 37775609619 | MILK SUBSIDY FOR DAIRY FARMERS | Paurnami CV<br>Assistant Director/Senior Veterinary Surgeon Dairy Extension Officer | RBI0282272565818 | 16,728/- |
| | MILK SUBSIDY FOR DAIRY FARMERS | Paurnami CV<br>Assistant Director/Senior Veterinary Surgeon Dairy Extension Officer | RBI0322276621051 | 16,728/- |
| Smt.SMITHA R, SREEKRISHNA VILASAM,<br>State Bank Of India AYUR, ((IFSC:SBIN0017842) - 37775609619 | Elamadu Grama Panchayat | Parvathy Chandran,<br>Diary Farm Instructor | RBI0242268730801 | 16,602/- |
| | Total | | | 50,058/- |

പദ്ധതി നിർവഹണത്തിൽ ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം 10,058/-രൂപ (50,058 - 40,000) അധിക സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ അധികമായി അനുവദിച്ച 10,058/-രൂപ തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-13-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അധികം തുക മാറി നൽകി.

2021-2022 സാമ്പത്തിക വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റ് നമ്പർ-99/22 (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി) പ്രകാരം ഇളമാട് ഗ്രാമപഞ്ചായത്തിലെ തേവന്നൂർ ക്ഷീര സഹകരണ സംഘത്തിലെ താഴെ പറയുന്ന ക്ഷീര കർഷകർക്ക് 7/21, 8/21, 9/21, 10/21 എന്നീ മാസങ്ങളിൽ പാലളന്നതിന് 3/-രൂപ നിരക്കിൽ രണ്ടുതവണ തുക മാറി നൽകി. വിശദ വിവരം താഴെ നൽകുന്നു.

| Name | Acc. No | Bill No/ Date | അനുവദിച്ച തുക(രൂപ) | ആകെ അനുവദിച്ച തുക(രൂപ) | 07/21 മുതൽ 10/21 വരെ പാൽ | അനുവദനീയമായ തുക (രൂപ) | അധികം നൽകി തുക(രൂപ) |
|---|---|---|---|---|---|---|---|

| | | | | | അളവ് | | |
|---|---|---|---|---|---|---|---|
| Lissi | 109901000010922 | 22/28.1.22 | 87/- | | | | |
| Lissi | 109901000010922 | 23/31.01.22 | 87/- | 174.00 | 29 | 87/- | 87/- |
| Majitha Beevi S | 6163770902 | 22/28.1.22 | 363/- | | | | 0 |
| Majitha Beevi S | 6163770902 | 23/31.01.22 | 363/- | 726/- | 121 | 363/- | 363/- |
| Gopalakrishan R | 57010780019 | 22/28.1.22 | 402/- | | | | 0 |
| Gopalakrishan R | 57010780019 | 23/31.01.22 | 402/- | 804/- | 134 | 402/- | 402/- |
| LukkoseGeorg E | 109901000008305 | 22/28.1.22 | 498/- | | | | 0 |
| LukkoseGeorg E | 109901000008305 | 23/31.01.22 | 498/- | 996/- | 166 | 498/- | 498/- |
| Laly Jacob | 109901000009116 | 22/28.1.22 | 738/- | | | | 0 |
| Laly Jacob | 109901000009116 | 23/31.01.22 | 738/- | 1476/- | 246 | 738/- | 738/- |
| Shajahan A S | 6191223231 | 22/28.1.22 | 846/- | | | | 0 |
| Shajahan A S | 6191223231 | 23/31.01.22 | 846/- | 1692/- | 282/- | 846/- | 846/- |
| Suresh | 623344207 | 22/28.1.22 | 1194/- | | | | 0 |
| Suresh | 623344207 | 23/31.01.22 | 1194/- | 2388/- | 398 | 1194/- | 1194/- |
| Geevarghese | 6153072411 | 22/28.1.22 | 1197/- | | | | 0 |
| Geevarghese | 6153072411 | 23/31.01.22 | 1197/- | 2394/- | 399 | 1197/- | 1197/- |
| Ushakumariya Mma A | 109901000013075 | 22/28.1.22 | 1446/- | | | | 0 |
| Ushakumariya Mma A | 109901000013075 | 23/31.01.22 | 1446/- | 2892/- | 482 | 1446/- | 1446/- |
| Ilyaskunju | 109901000004011 | 22/28.1.22 | 1455/- | | | | 0 |
| Ilyaskunju | 109901000004011 | 23/31.01.22 | 1455/- | 2910/- | 485 | 1455/- | 1455/- |
| OMANA SAMUEL | 109901000012230 | 22/28.1.22 | 1584/- | | | | 0 |
| OMANA SAMUEL | 109901000012230 | 23/31.01.22 | 1584/- | 3168/- | 528 | 1584/- | 1584/- |
| Kanakamma K. | 109901000007011 | 22/28.1.22 | 1749/- | | | | 0 |
| Kanakamma K. | 109901000007011 | 23/31.01.22 | 1749/- | 3498/- | 528 | 1584/- | 1914/- |

| | | | | | | | |
|---|---|---|---|---|---|---|---|
| Remaniyamma | 109901000003 410 | 22/28.1.22 | 1752/- | | | | 0 |
